# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1099** — **01.07.2015 ൽ മറുപടിയ്ക്ക്**

## അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി |
| (എ) പുതുതായി അംഗീകാരം നൽകിയ അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ എത്രയാണ്; ഇവയ്ക്ക് അംഗീകാരം നൽകുന്നതിനെതിരെ ലഭിച്ചിരുന്ന പരാതികൾ എത്രയായിരുന്നു; | (എ) സ.ഉ. (കൈ) നം. 114/2015/പൊ.വി. തീയതി 14.05.2015 പ്രകാരം സംസ്ഥാന പാഠ്യപദ്ധതി പിൻതുടരുന്ന 308 സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. അംഗീകാരം നൽകുന്നതിനെതിരെ മൂന്നു പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) അനംഗീകൃത സ്കൂളുകൾ അംഗീകാരം നൽകിയതിന്റെയും സി.ബി.എസ്.ഇ. സ്കൂളുകൾക്ക് എൻ.ഒ.സി. നൽകിയതിന്റെയും ഫലമായി എത്ര സർക്കാർ - എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിൽ അകപ്പെട്ടിട്ടുണ്ട്; ഡിവിഷൻ നഷ്ടപ്പെട്ടതു വഴി തൊഴിൽ നഷ്ടപ്പെട്ട മൊത്തം അധ്യാപകരുടെ എണ്ണം അവയിൽ പ്രൊട്ടക്റ്റ് ചെയ്യപ്പെട്ട അധ്യാപകരുടെ എണ്ണം; അടച്ചുപൂട്ടൽ ഭീഷണിയിലായ മൊത്തം സ്കൂളുകൾ; പ്രവർത്തനം ഇതിനകം പൂർണ്ണമായും നിലച്ചവ; എന്നിവ സംബന്ധിച്ച വിവരങ്ങൾ നൽകുമോ? | (ബി) വിദ്യാഭ്യാസ അവകാശ നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാന പാഠ്യപദ്ധതി പിന്തുടരുന്നതും സർക്കാർ നിശ്ചയിച്ച മാനദണ്ഡങ്ങൾ പാലിക്കുന്നതുമായ 308 സ്കൂളുകൾക്ക് ഇതിനകം അംഗീകാരം നൽകുകയുണ്ടായി. വർഷങ്ങളായി പ്രവർത്തിച്ചു വരുന്ന സ്കൂളുകൾക്കാണ് ഇത്തരത്തിൽ അംഗീകാരം നൽകിയത്. ഇതു മൂലം സർക്കാർ/എയ്ഡഡ് സ്കൂളുകൾ അൺ എക്കണോമിക് ഭീഷണിയിലായതായും അദ്ധ്യാപകരുടെ തസ്തികകൾ നഷ്ടപ്പെട്ടതായിട്ടും സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ